# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കേന്ദ്ര സംസ്ഥാന സംയുക്ത സംരംഭങ്ങൾ</u>

2204 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ സഹകരണത്തോടെ ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭങ്ങളിലൂടെ എത്ര കേന്ദ്ര നിക്ഷേപം സംസ്ഥാനത്തേക്ക് കൊണ്ടു വരാൻ കഴിഞ്ഞിട്ടുണ്ട്;

(സി) കേന്ദ്ര-സംസ്ഥാന സംയുക്ത സംരംഭങ്ങളിലൂടെ നടപ്പ് സാമ്പത്തിക വർഷം ഏതൊക്കെ സംരംഭങ്ങളുടെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>ബയർ - സെല്ലർ മീറ്റ്</u>

2205

ശ്രീ. പി. എ. മാധവൻ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബയർ - സെല്ലർ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ ശക്തിപ്പെടുത്താൻ ഈ മീറ്റ് എത്ര മാത്രം പ്രയോജനകരമാകും എന്നാണ് കരുതുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഈ മീറ്റുമായി സഹകരിച്ചത് എന്ന് വിശദമാക്കുമോ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് മീറ്റു വഴി നേടിയിട്ടുള്ളത്?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>നിർദ്ദിഷ്ട പെട്രോനെറ്റ് എൽ എൻജി പദ്ധതി</u>

T2206 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിലെ നിർദ്ദിഷ്ട പെട്രോനെറ്റ് എൽ എൻജി പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>എൽ. എൻ. ജി. ടെർമിനൽ നിർമ്മാണം</u>

T2207 ശ്രീ.കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി എൽ.എൻ.ജി പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ;

(ബി) ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കേണ്ട എല്ലാ ജില്ലകളിലെയും ഭൂമി സംബന്ധമായ തർക്കങ്ങൾ പരിഹരിച്ചുകഴിഞ്ഞിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

എമർജിംഗ് കേരളയുടെ ഭാഗമായി വന്ന പുതിയ പദ്ധതികൾ

2208 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയുടെ ഭാഗമായി വന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് രേഖാമൂലം വിശദമാക്കാമോ;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കുമോ?

(സി) എമർജിംഗ് കേരളയുടെ ഭാഗമായി വന്ന പുതിയ പദ്ധതികളിൽനിന്നും കരാറിൽ ഏർപ്പെട്ട ഏതെങ്കിലും കമ്പനികൾ പിൻമാറിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>എമർജിംഗ് കേരളയുടെ ഭാഗമായി ആരംഭിക്കുന്ന വ്യവസായങ്ങൾ</u>

2209 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയിലെ ഉദ്ദീപനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച 'എമർജിംഗ് കേരള'യുടെ ഭാഗമായി എത്ര പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര സ്ഥാപനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

'എമര്‍ജിംഗ് കേരള'-നടപ്പിലാക്കാന്‍ തുടങ്ങിയ പദ്ധതികള്‍

2210 ശ്രീ.ഇ.ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'എമര്‍ജിംഗ് കേരള'യില്‍ പ്രഖ്യാപിച്ച ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാന്‍ തുടങ്ങിയത് എന്നറിയിക്കാമോ;

(ബി) ഓരോന്നും ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(സി) ഓരോന്നിന്റെയും നിക്ഷേപം എത്രയെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

മാര്‍ജിന്‍ മണി വായ്പയ്ക്ക് ഒറ്റത്തവണ തീര്‍പ്പാക്കാല്‍ പദ്ധതി

2211 ശ്രീ. ലൂഡി ലൂയിസ്
,, പാലോട് രവി
,, എം. എ. വാഹീദ്
,, ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യവസായ വകുപ്പില്‍ നിന്ന് നല്‍കുന്ന മാര്‍ജിന്‍ മണി വായ്പയ്ക്ക് ഒറ്റത്തവണ തീര്‍പ്പാക്കല്‍ പദ്ധതി നടപ്പാക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം വ്യവസായ സ്ഥാപനങ്ങള്‍ക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഈ സംവിധാനം വഴി ലഭിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷാ മാനദണ്ഡങ്ങൾ</u>

T2212 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗെയിൽ എന്ന സ്ഥാപനം നടപ്പാക്കുന്ന ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷാ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച നിയമ നിർമ്മാണം ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിയമത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ പദ്ധതി നടപ്പാക്കുന്നത്?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>സ്റ്റീൽ ഇൻഡസ്ട്രീസ് ഫോർജിംഗ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ</u>

2213 ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീമതി കെ.എസ്. സലീഖ
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റീൽ ഇൻഡസ്ട്രീസ് ഫോർജിംഗ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങളും ലക്ഷ്യവും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിരോധമന്ത്രാലയത്തിന് കീഴിലെ ഏജൻസികളുമായി എത്ര കരാറുകൾ ഉണ്ടെന്നും ഈ കരാറിലെ അഴിമതികളെപ്പറ്റി ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച അന്വേഷണങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അതിന്റെ പ്രാഥമിക കണ്ടെത്തലുകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) ഈ അഴിമതികളിൽ ഏതെല്ലാം ഉദ്യോഗസ്ഥരാണെന്നും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഇ) ഈ കേസിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥരെ സർക്കാർ സ്ഥാപനങ്ങളുടെ തലപ്പത്തു നിയമിക്കരുതെന്ന് അന്വേഷണ ഉദ്യോഗസ്ഥരോ ധനകാര്യ വകുപ്പോ നിർദ്ദേശിച്ചിരുന്നോ;

(എഫ്) ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇതിലുൾപ്പെട്ട ഉദ്യോഗസ്ഥരെ ഏതെങ്കിലും സ്ഥാപനത്തിൽ ഇപ്പോൾ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കെല്‍ട്രോണിന്റെ പ്രവര്‍ത്തനം</u>

2214 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പ്രഥമ ഇലക്ട്രോണിക് വ്യവസായ സ്ഥാപനമായ 'കെല്‍ട്രോണ്‍' ഇപ്പോള്‍ ലാഭത്തില്‍ പ്രവര്‍ത്തിക്കുന്നുണ്ടോ;

(ബി) 'കെല്‍ട്രോണ്‍' എന്ന സ്ഥാപനത്തെ ഉയര്‍ന്ന നിലവാരത്തിലേക്ക് ഉയര്‍ത്താനും വികസിപ്പിക്കാനും എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കില്‍ വിശദമാക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>കടൽ മണ്ണ് ശുദ്ധീകരിച്ച് നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ</u>

2215 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണൽ ദൗർലഭ്യം മൂലമുള്ള നിർമ്മാണമേഖലയുടെ സ്തംഭനാവസ്ഥ തരണം ചെയ്യുന്നതിന് കടൽമണ്ണ് ശുദ്ധീകരിച്ച് നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുവാൻ പദ്ധതിയിട്ടിട്ടുണ്ടോ എന്നു പറയാമോ; ഏതെല്ലാം ഭാഗങ്ങളിലുള്ള മണലാണ് ഇതിന് വിനിയോഗിക്കുന്നതെന്ന് പറയാമോ; ഇതുമൂലം ഏതെങ്കിലും തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളുണ്ടാകുമോ എന്നുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കടൽ മണൽ ശുദ്ധീകരിച്ച് നിർമ്മാണത്തിനുപയോഗിക്കുന്നതിന് ഏതെങ്കിലും ഏജൻസിക്ക് ചുമതല കൈമാറിയിട്ടുണ്ടോ എന്നു പറയാമോ; എങ്കിൽ ഈ ഏജൻസിയെ സംബന്ധിച്ച വിശദവിവരം നൽകുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കേരളാ ഓട്ടോമൊബൈൽസിലെ ഉൽപ്പാദനം</u>

2216 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കേരളാ ഓട്ടോമൊബൈൽസ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ എത്ര വാഹനങ്ങൾ പ്രതിവർഷം ഉൽപാദിപ്പിച്ചു എന്നതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത വാഹനങ്ങൾ വിറ്റഴിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കേരളാ ഓട്ടോ മൊബൈൽസ്</u>

2217 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ഓട്ടോമൊബൈൽസ് എന്ന പൊതു മേഖലാ സ്ഥാപനം ഇപ്പോൾ നഷ്ടത്തിൽ ആണോ പ്രവർത്തിക്കുന്നത് ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത സ്ഥാപനത്തിനുണ്ടായ നഷ്ടം എത്രയാണെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന് എന്തു കൊണ്ടാണ് നഷ്ടമുണ്ടായത് എന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ആട്ടോകാസ്റ്റിന്റെ പുനരുജ്ജീവനം

2218 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല ആട്ടോകാസ്റ്റിന്റെ പുനരുജ്ജീവനത്തിന് പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; നിലവിലുള്ള തടസ്സങ്ങൾ മാറ്റുന്നതിന് കേന്ദ്ര സർക്കാരിനു മുന്നിൽ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വിശദമാക്കുമോ;

(ബി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ പേരിൽ ഇവിടേയ്ക്കുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിട്ടുണ്ടോ എന്നുവ്യക്തമാക്കാമോ; വൈദ്യുതി ബന്ധം പുന:സ്ഥാപിച്ച് ജോലി പുനരാരംഭിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) റെയിൽവേയുമായി ബന്ധപ്പെട്ട് ഇവിടെ ആരംഭിക്കാനിരുന്ന സംരംഭത്തിന്റെ ഭാവി പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ചെറുകിട വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി നടപടികൾ</u>

2219 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടിൽ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾ പരിപോഷിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങൾ ഉണ്ട്; അതിൽ എത്ര എണ്ണം പ്രവർത്തിക്കുന്നു എന്നും ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം എന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം എന്നുമറിയിക്കുമോ;

(സി) പാലക്കാട് ജില്ലയിലെ ഓരോ വ്യവസായ സ്ഥാപനത്തിനും 2006-2011 വരെ എത്ര തുക അനുവദിച്ചു;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾക്ക് എത്ര ഫണ്ട് അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഇ) 2010 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു; ഏതെല്ലാം?

(എഫ്) 2012 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു;

(ജി) 2012 മാർച്ച് മാസത്തിലെ കണക്ക് പ്രകാരം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു; കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ഇൻകം സപ്പോർട്ട് സ്കീം

2220 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-ൽ ആരംഭിച്ച ഇൻകം സപ്പോർട്ട് സ്കീം അനുസരിച്ച് വിവിധ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് അനുവദിച്ച തുകയും ചിലവഴിച്ച തുകയും ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കീം നടപ്പാക്കാൻ നിലവിൽ തടസ്സമെന്തെങ്കിലും ഉണ്ടോ; എങ്കിൽ തടസ്സം നീക്കി പദ്ധതി തുടരാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ആയത് വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>കേരളതീരത്ത് മണൽശേഖരമുണ്ടെന്ന പഠനം</u>

T2221 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരത്തോടു ചേർന്ന കടലിൽ 100 വർഷത്തേയ്ക്കുള്ള മണൽ ശേഖരമുണ്ടെന്ന മംഗലൂരുവിലെ മറൈൻ ജിയോളജി വിംഗ് നടത്തിയ പഠനത്തിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തുന്നതിനോ മറ്റെന്തെങ്കിലും കാര്യം ചെയ്യുന്നതിനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പൂർണ്ണമായും സർക്കാർ സംവിധാനത്തിൽ ഈ മണൽ ഖനനം ചെയ്ത് ന്യായവിലയ്ക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് പ്രത്യേക പാക്കേജ്

2222 ശ്രീ. കെ. എം. ഷാജി
,, സി. മോയിൻകുട്ടി
,, എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിന് പ്രത്യേക പാക്കേജ് വല്ലതും പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ലാഭത്തിലാക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നൽകാമെന്ന തീരുമാനത്തിൽ ജീവനക്കാരുടെയും മാനേജ്മെന്റുകളുടെയും പ്രതികരണമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(സി) സർവ്വീസ് സെക്ടറിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പരിമിതികൾ കണക്കിലെടുത്ത് പ്രത്യേക സഹായങ്ങളെന്തെങ്കിലും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

എം. ഒ. യു. സംവിധാനം

2223 ശ്രീ. എളമരം കരീം
,, എം. ചന്ദ്രൻ
,, ബി. ഡി. ദേവസ്സി
,, ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ചുള്ള പ്രാരംഭ ചർച്ചകൾ ഏതെല്ലാം സ്ഥാപനങ്ങളുമായി നടത്തിയെന്നും അതിന്റെ വിശദാംശം എന്തെന്നും വിശദമാക്കുമോ;

(സി) പൊതുമേഖലാസ്ഥാപനങ്ങളിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃകയിൽ എം. ഒ. യു. സംവിധാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതു മൂലം കമ്പനികൾക്കുണ്ടാകുന്ന നേട്ടം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) നിലവിലുള്ള സംവിധാനത്തിന് പകരം പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വ്യവസായ വാണിജ്യ ശൃംഖല</u>

2224 ശ്രീ.ബെന്നി ബെഹനാൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ - വാണിജ്യ ശൃംഖല ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) പ്രസ്തുത മേഖലകൾക്ക് ഒരുക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>വ്യവസായ ഗ്രാമം</u>

2225 ശ്രീ. എം.എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദ്യ വ്യവസായ ഗ്രാമ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(ഡി) അനുയോജ്യമായ സ്ഥലങ്ങളിൽ ഇവ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

പവർകട്ടും ലോഡ്ഷെഡിംഗും മൂലം പ്രതിസന്ധിയിലായ വ്യവസായങ്ങൾ

2226 ശ്രീ.എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പവർകട്ടും ലോഡ്ഷെഡിംഗും വ്യവസായങ്ങളെ വലിയ തോതിൽ ബാധിച്ചിട്ടുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പൊതു മേഖല വ്യവസായ സ്ഥാപനങ്ങളെ ഈ വൈദ്യുത പ്രതിസന്ധി ബാധിച്ചിട്ടുണ്ടോ;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതു മൂലം നഷ്ടത്തിലായിട്ടുള്ളത്;

(ഇ) നഷ്ടം നികത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളത്?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങൾ</u>

2227 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) മുൻ വർഷങ്ങളിൽ ലാഭകരമായി പ്രവർത്തിച്ച പൊതുമേഖലാ വ്യവസായങ്ങൾ നഷ്ടത്തിലാകാനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾ</u>

2228 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുമേഖലയിൽ എത്ര വ്യവസായങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ-നഷ്ട കണക്കുകള്‍</u>

2229 ശ്രീ.കോവൂര്‍ കുഞ്ഞുമോന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2011-2012, 2012-2013 സാമ്പത്തിക വര്‍ഷങ്ങളിലെ സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടേയും കണക്കുകള്‍ പ്രത്യേകം വെളിപ്പെടുത്തുമോ;

(ബി) മറ്റു വ്യവസായ സ്ഥാപനങ്ങള്‍ ഓരോന്നിന്റെയും കഴിഞ്ഞ വര്‍ഷത്തെ ലാഭവും നഷ്ടവും എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളില്‍ ഡെപ്യൂട്ടേഷന്‍ വ്യവസ്ഥയിലുള്ള എം.ഡിമാര്‍ ആരൊക്കെയാണെന്നും ഓരോരുത്തരും ഏത് സ്ഥാപനത്തിലാണെന്നും വെളിപ്പെടുത്തുമോ; എം.ഡി.മാരായി അധിക ചുമതല വഹിക്കുന്നവര്‍ ആരൊക്കെയാണെന്നും അവര്‍ ഏതെല്ലാം സ്ഥാപനത്തിലാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ ഇ-പ്രൊക്യുരമെന്റ് സംവിധാനം</u>

2230 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണ് ഈ സംവിധാനം നടപ്പാക്കിയിട്ടുളളതെന്നും പദ്ധതിയുടെ വിശദാംശവും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പുരോഗതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സംവിധാനം കൂടുതൽ പൊതുമേഖലാ സംരംഭങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾ ചെലവഴിച്ച തുക</u>

2231 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11 മുതൽ 2012-13 വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓരോന്നും ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര വീതം ചെലവാക്കി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പൊതുമേഖലാ വ്യവസായങ്ങൾക്ക് നൽകിയ തുക എന്തിനെല്ലാം ചെലവഴിച്ചു എന്ന് പറയാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച പുതിയ പൊതുമേഖലാ യൂണിറ്റുകൾ</u>

2232 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച പുതിയ പൊതുമേഖലാ യൂണിറ്റുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; പ്രസ്തുത യൂണിറ്റുകളിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ ഉൽപ്പാദനം എന്നു മുതൽ ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം</u>

2233 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ നഷ്ടത്തിലേയ്ക്കും തകർച്ചയിലേയ്ക്കും നയിക്കുന്ന കാരണങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പൊതുമേഖലാ സ്ഥാപനങ്ങൾ മാനവശേഷിക്കായി വരുമാനത്തിൽക്കവിഞ്ഞ തുക ചെലവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നഷ്ടമുണ്ടാക്കുന്ന പ്രവണതകൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭം കുറയുന്നതിന്റെ കാരണം</u>

2234 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ ലാഭം മുൻവർഷത്തെക്കാൾ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എന്താണ് ഇതിന് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

പൂട്ടികിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

2235 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടി കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും നയം ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ഇത് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങള്‍</u>

2236

ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളില്‍ എത്ര പേരെ താല്ക്കാലിക/സ്ഥിരം നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് എവിടെയെല്ലാമാണെന്നും ഇവര്‍ ആരൊക്കെയാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കേരളാ ഓട്ടോമൊബൈൽസിലെ ജീവനക്കാരുടെ നിയമനം</u>

2237 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരത്തെ കേരളാ ഓട്ടോമൊബൈൽസിൽ 2011-ൽ നിയമനം ലഭിച്ച് സ്ഥിരപ്പെടുത്തിയ 38 ജീവനക്കാർക്ക് ഇൻക്രിമെന്റു നൽകാനോ നിയമനം കൺഫേം ചെയ്യാനോ പ്രസ്തുത സ്ഥാപനത്തിന്റെ മാനേജ്മെന്റ് തയ്യാറാകാത്തത് എന്തു കൊണ്ടാണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

കേരളാ ഓട്ടോ മൊബൈൽസിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ

2238 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, കേരളാ ഓട്ടോ മൊബൈൽസ് എന്ന പൊതുമേഖലാ സ്ഥാപനത്തിൽ യഥാസമയം, ജീവനക്കാർക്ക് ശമ്പളം കൊടുക്കുകയും പിരിഞ്ഞു പോകുന്ന ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകുകയും ചെയ്യുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ജീവനക്കാരുടെ ശമ്പള കരാർ

2239

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് (കെ.എസ്.ഡി.പി.) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ജീവനക്കാരുടെ ശമ്പള വർദ്ധനവ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഒരു ദീർഘകാല കരാർ ഉണ്ടാക്കിയിരുന്നോ എന്നു പറയാമോ; എങ്കിൽ ഇത് നടപ്പിലാക്കിയോ എന്നു പറയാമോ; എന്തു കാരണത്താലാണ് ഈ കരാർ ലംഘിച്ചത് എന്നു വ്യക്തമാക്കാമോ;

(ബി) ഔഷധ നിർമ്മാണ രംഗത്ത് ഏറ്റവും കുറഞ്ഞ വേതനത്തിന് ജോലി ചെയ്യുന്ന തൊഴിലാളികളാണ് കെ.എസ്.ഡി.പി.യിലുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011-2012 കാലയളവിൽ കെ.എസ്.ഡി.പി. രണ്ടുവർഷം ലാഭകരമായി പ്രവർത്തിച്ചിട്ടും കരാർ പ്രകാരം ജീവനക്കാർക്കും തൊഴിലാളികൾക്കും നൽകേണ്ട വേതന വർദ്ധനവ് നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>വ്യവസായ വികസന ഓഫീസർമാരുടെ തസ്തിക</u>

2240 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസന ഓഫീസർമാർ ഇല്ലാത്ത എത്ര ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസർമാർ ഇല്ലാത്ത സ്ഥലങ്ങളിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ആയതിന് സത്വരനടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ ക്വാറികളും ക്രഷറുകളും</u>

2241 ശ്രീ.ബി.സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കരവാരം, പുളിമാത്ത്, നഗരൂർ, കിളിമാനൂർ ഗ്രാമപഞ്ചായത്തുകളിലായി എത്ര ക്വാറികളും ക്രഷറുകളും ഗ്രാനൈറ്റ് ഖനന കേന്ദ്രങ്ങളും നിയമാനുസൃതമായും ലൈസൻസോടുകൂടിയും പ്രവർത്തിക്കുന്നുണ്ട് എന്നും ഓരോന്നിന്റേയും ലൈസൻസ് ആരുടെ പേരിലാണെന്നും പഞ്ചായത്ത് തിരിച്ചും ഇനം തിരിച്ചും വ്യക്തമാക്കുമോ;

(ബി) ലൈസൻസ് നൽകുവാൻ സ്വീകരിക്കുന്ന മാനദണ്ഡങ്ങളും ലൈസൻസ് ലഭ്യമായവർ പാലിക്കേണ്ട നിയമങ്ങളും വിശദമാക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിലെ വ്യവസായങ്ങളും ചെങ്കൽ ഖനനവും</u>

2242 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താമരക്കുളം പഞ്ചായത്തിലെ ചത്തിയറയിൽ ചെങ്കൽ ഖനനത്തിന് ജില്ലാ ഭൂഗർഭശാസ്ത്രജ്ഞർ അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഖനനത്തിന് വ്യവസായ വകുപ്പിന്റെ അനുമതിയുണ്ടോ; വ്യവസായ വകുപ്പ് അനുമതി റദ്ദ് ചെയ്തിട്ടുണ്ടോ; റദ്ദ് ചെയ്തെങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഭൂമി വ്യവസായങ്ങൾ ആരംഭിക്കാതെ കിടക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇവിടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

പാറ ക്വാറികൾ നിയമനാനുസരണം പ്രവർത്തിക്കാൻ അനുമതി

T2243 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന പാറക്വാറികൾ, ക്രഷർ യൂണിറ്റുകൾ എം സാന്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ നിയമാനുസരണവും പരിസ്ഥിതി ആഘാതമുണ്ടാകാതെയും പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി നൽകുമോ ;

(ബി) ഇക്കാര്യവുമായി ബന്ധപ്പെട്ട് ചിതറ ഗ്രാമപഞ്ചായത്തിൽ കൂടിയ സർവ്വകക്ഷി, ഉദ്യോഗസ്ഥ, പരിസ്ഥിതി പ്രവർത്തക തീരുമാനം രേഖപ്പെടുത്തി റവന്യൂ വകുപ്പിനു നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ക്വാറികളും ക്രഷർ യൂണിറ്റുകളും</u>

2244 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രഷർ യൂണിറ്റുകളും ക്വാറികളും ജീവനും സ്വത്തിനും ഭീഷണിയായി പ്രവർത്തിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ നിർത്തലാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) പാറ, ചെങ്കല്ല്, കളിമണ്ണ്, കരിമണ്ണ് എന്നിവയുടെ ഖനനത്തിന് സുപ്രീംകോടതിവിധി പ്രകാരം സംസ്ഥാനം പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഖനനം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ലഘൂകരിക്കാൻ ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>പാറഖനനം നടത്തുന്നതിന് നിയമാനുസൃതമായി അനുമതി</u>

T2245 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മൂന്നിലാവ് പഞ്ചായത്തിൽ നെല്ലായിപ്പാറയിൽ പാറഖനനം നടത്തുന്നതിന് നിയമാനുസൃതമായി ആർക്കെങ്കിലും അനുമതി നൽകിയിട്ടുള്ളതായി അറിയാമോ; എങ്കിൽ ആർക്കെല്ലാം എന്തെല്ലാം വ്യവസ്ഥകൾക്ക് വിധേയമായി എത്ര കാലത്തേയ്ക്ക് എന്ന് വിശദമാക്കാമോ;

(ബി) നിയമവിധേയമായിട്ടല്ലാതെ ആ സ്ഥലത്ത് ആരെങ്കിലും പാറ ഖനനം ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പാറഖനനം തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിനുശേഷവും ഖനനം നടക്കുന്നുണ്ടോ; ഉത്തരവ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്നറിയിക്കാമോ;

(ഡി) നിയമവിരുദ്ധമായി പാറഖനനം നടത്തിയ ആർക്കെല്ലാം എതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും നിയമവിരുദ്ധ ഖനനം ആ സ്ഥലങ്ങളിൽ നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കാഷ്യൂ ബോർഡ്</u>

T2246 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ ബോർഡ് കൊല്ലത്ത് സ്ഥാപിക്കുന്നതിന് വേണ്ടി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളത് എന്നും അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം</u>

2247 ശ്രീ.ഇ.കെ.വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ക്വാറികൾക്കും, പാറഖനനത്തിനും ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമാണ്;

(സി) ഇത്തരത്തിൽ നിയമപരമായി കോഴിക്കോട് ജില്ലയിൽ പാറഖനനത്തിന് ലൈസൻസ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ട്രാക്കോ കേബിളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

2248 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ട്രാക്കോ കേബിളിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലേക്കായി ഇക്കഴിഞ്ഞ ഫെബ്രുവരി 13-ാം തീയതി ബഹു. വ്യവസായമന്ത്രി വിളിച്ചു ചേർത്ത യൂണിയൻ നേതാക്കളുടെ യോഗതീരുമാനങ്ങൾ എന്തൊക്കെയാണ്; എന്തൊക്കെ വിഷയം ചർച്ച ചെയ്തുവെന്നും വെളിപ്പെടുത്തുമോ;

(ബി) ശമ്പള പരിഷ്കരണം വരുന്നതുവരെ ഇടക്കാലാശ്വാസമായി 3000 രൂപ വീതം ഓരോ ജീവനക്കാരനും അനുവദിക്കണമെന്ന ബഹു. മന്ത്രിയുടെ നിർദ്ദേശം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്നും എന്നു മുതൽ ഇടക്കാലാശ്വാസം നൽകാനാണ് ബഹു. വ്യവസായ മന്ത്രി നിർദ്ദേശിച്ചിട്ടുള്ളത് എന്നും ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത് എന്നും അറിയിക്കുമോ; ഫയൽ നമ്പർ ലഭ്യമാക്കാമോ;

(സി) ഏറ്റവുമൊടുവിൽ എന്നാണ് കമ്പനി ജീവനക്കാർക്ക് ശമ്പളം പരിഷ്കരിച്ചു നൽകിയത് എന്നും ഈ കരാർ എന്നാണ് പുതുക്കേണ്ടത് എന്നും ഈ കരാർ പുതുക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും, യൂണിയനുകളുമായി ബന്ധപ്പെട്ട് എത്ര വീതം ചർച്ചകൾ നടത്തിയിട്ടുണ്ട് എന്നും, ചർച്ചകളുടെ അടിസ്ഥാനത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെ എന്നും വിശദമാക്കാമോ; ദീർഘകാല കരാർ ഒപ്പുവയ്ക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെ എന്നു വിശദമാക്കാമോ; ദീർഘകാല കരാർ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>അതിവേഗ റെയിൽ പദ്ധതി</u>

2249 ശ്രീ. സി.പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിവേഗ റെയിൽ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം - കാസർഗോഡ് ഹൈസ്പീഡ് റെയിൽ കോറിഡോർ

2250 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം - കാസർഗോഡ് ഹൈസ്പീഡ് റെയിൽ കോറിഡോർ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ:

(ബി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്;

(സി) പ്രസ്തുത സംഖ്യ ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കുവാൻ കഴിയും: വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കേരള സ്പിന്നേഴ്സിന്റെ പ്രവര്‍ത്തനം</u>

2251 ശ്രീ.പി.തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സ്പിന്നേഴ്സിന്റെ പ്രവര്‍ത്തനം പുനരാരംഭിക്കാത്തത് എന്തുകാരണത്താലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ പ്രവര്‍ത്തനം എന്ന് ആരംഭിക്കുമെന്ന് പറയാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ഹാന്റക്സ് സഹകരണ ബാങ്കിൽ നിന്നുമെടുത്ത വായ്പ

2252 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഹാന്റക്സ് വായ്പ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വായ്പാ ഇനത്തിൽ എത്ര രൂപ വീതം സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത വായ്പയും പലിശയും ഉൾപ്പെടെ നിലവിൽ എത്ര രൂപ സംസ്ഥാന സഹകരണ ബാങ്കിന് നൽകുവാനുണ്ട്; പ്രസ്തുത തുക ഈടാക്കുന്നതിലേയ്ക്ക് ബാങ്ക് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോ; നടപടി എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വായ്പ ലഭിക്കുവാൻ ഹാന്റക്സ് ജാമ്യമായി ഭൂമിയോ മറ്റ് വസ്തു വകകളോ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ;

(ഡി) കുടിശ്ശിക ഈടാക്കൽ നടപടി താല്ക്കാലികമായി നിറുത്തി വയ്ക്കുവാൻ ഹാന്റക്സ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ ; എങ്കിൽ എന്താണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഹാൻ്റക്സിൽ അംഗത്വമുള്ള കൈത്തറി സംഘങ്ങൾ</u>

2253 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാൻ്റക്സിൽ അംഗത്വം നൽകിയിട്ടുള്ള കൈത്തറി സംഘങ്ങളുടെ ആകെ എണ്ണം എത്ര;

(ബി) ഈ കൈത്തറി സംഘങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് പേര് സഹിതം അറിയിക്കുമോ;

(സി) നിലവിലുള്ള ഭരണ സമിതി അധികാരത്തിൽ വന്ന ശേഷം കൈത്തറി സംഘങ്ങൾക്ക് അംഗത്വം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സംഘങ്ങൾക്കെന്നും, പ്രസ്തുത സംഘങ്ങൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ഡി) കൈത്തറി സംഘങ്ങൾക്ക് സാധനങ്ങൾ നൽകിയ വകയിൽ എത്ര ലക്ഷം രൂപ ഹാൻ്റക്സ് കുടിശ്ശിക ഇനത്തിൽ നൽകുവാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഹാന്റെക്സ് ഭരണസമിതി തെരഞ്ഞെടുപ്പു ക്രമക്കേട്</u>

2254 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാന്റെക്സ് ഭരണസമിതി തെരഞ്ഞെടുപ്പിൽ ക്രമക്കേട് നടന്നതായുള്ള പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രാഥമിക കൈത്തറി സംഘം ഭരണസമിതി അംഗമല്ലാത്തവർ ഈ തെരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയതായി പരാതി ഉണ്ടായിട്ടുണ്ടോ;

(സി) ഹാന്റെക്സിൽ നിലവിലുള്ള ഭരണസമിതിക്കായുള്ള തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരുന്ന കൈത്തറി സംഘങ്ങളുടെ പേരും പ്രസ്തുത സംഘങ്ങൾ വോട്ടുചെയ്യുവാൻ ചുമതലപ്പെടുത്തിയ ഭരണസമിതി അംഗത്തിന്റെ പേരും ലഭ്യമാക്കാമോ;

(ഡി) ഭരണസമിതി അംഗമല്ലാത്ത ആരെയെങ്കിലും വോട്ടുരേഖപ്പെടുത്തുവാൻ ഈ സംഘങ്ങൾ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇങ്ങനെ ചുമതലപ്പെടുത്താൻ നിയമത്തിലും ചട്ടത്തിലും വ്യവസ്ഥയുണ്ടോ; എങ്കിൽ ആയതിന്റെ പ്രസക്തഭാഗം ലഭ്യമാക്കുമോ;

(ഇ) നിയമത്തിനും ചട്ടത്തിനും വിരുദ്ധമായി വോട്ടുരേഖപ്പെടുത്തിയവരുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ജീവനക്കാരോ അവരുടെ അടുത്ത ബന്ധുക്കളോ ഈ തെരഞ്ഞെടുപ്പിൽ വോട്ടുരേഖപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിലുള്ള നടപടി വിശദമാക്കാമോ;

(ജി) ഹാന്റെക്സ്-ലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ പരാതികളിൽ ഹാന്റ്ലൂം ഡയറക്ടർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>കൈത്തറി വ്യവസായ പുനരുദ്ധാരണത്തിന് നബാർഡ് പാക്കേജ്</u>

2255 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി വ്യവസായ പുനരുദ്ധാരണത്തിനായി നബാർഡ് സഹായത്തോടുകൂടി തയ്യാറാക്കിയ പാക്കേജിൽ എത്ര കൈത്തറി സഹകരണ സംഘങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും അവയേതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) 2010-ൽ ഈ പാക്കേജിൽപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാക്കി സമർപ്പിച്ച നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ സംഘങ്ങളുടെ പേരുൾപ്പെടെ നൽകാമോ;

(സി) കേന്ദ്ര സർക്കാർ ഈ പാക്കേജിന് വേണ്ടി രൂപം കൊടുത്ത പരിപാടികളുടെ വിശദാംശങ്ങളും അതിൽ കേരളത്തിൽ പ്രായോഗികമല്ലാത്തതായി നിരീക്ഷിച്ച നിർദ്ദേശങ്ങളും ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ കൈത്തറി സംഘങ്ങൾക്ക് പ്രയോജനകരമാംവിധം പ്രസ്തുത പാക്കേജിലെ മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയെന്ന് വിശദീകരിക്കാമോ;

(ഇ) എല്ലാ കൈത്തറി സംഘങ്ങളേയും ഈ പാക്കേജിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള തടസ്സങ്ങൾ ഒഴിവാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(എഫ്) കൈത്തറി അപ്പക്സ് സംഘങ്ങളായ ഹാന്റക്സിനേയും ഹാന്റ്‌വീവിനേയും ഈ പാക്കേജിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

(എച്ച്) ഈ പാക്കേജ് നടപ്പിലാക്കിയ സംഘങ്ങൾക്ക് നിലവിൽ ക്രയവിക്രയങ്ങളിൽ ഏതെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡിൽ രജിസ്റ്റർ ചെയ്ത നെയ്ത്തുകാരുടെ എണ്ണം</u>

2256 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ലിമിറ്റഡിൽ രജിസ്റ്റർ ചെയ്ത നെയ്ത്തുകാരുടെ എണ്ണം എത്രയാണ്;

(ബി) ഇതിൽ സജീവമായി പ്രവൃത്തിയെടുക്കുന്നവരുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(സി) രജിസ്റ്റർ ചെയ്ത നെയ്ത്തുകാരുടെ അംഗബലം കുറയുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; കുറഞ്ഞ തൊഴിൽ വരുമാനമാണ് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നെയ്ത്തുകാരുടെ വേതന വ്യവസ്ഥ പുന:ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവര്‍ത്തനം ആരംഭിക്കാന്‍ നടപടി

2257 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ ഉദുമ സ്പിന്നിംഗ് മില്‍സിന്റെ പണി പൂര്‍ത്തിയാക്കി ട്രയല്‍ റണ്‍ ചെയ്തിട്ട് എത്ര വര്‍ഷമായി എന്ന് അറിയിക്കാമോ;

(ബി) ഈ സ്ഥാപനത്തില്‍ ഉല്‍പ്പാദനം തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം എന്താണെന്ന് അറിയിക്കാമോ;

(സി) തടസ്സങ്ങള്‍ നീക്കി ഉത്പാദനം ആരംഭിക്കാത്തത് കാരണം കോടിക്കണക്കിന് രൂപ ചെലവഴിച്ച് സ്ഥാപിച്ച ഈ സ്ഥാപനം നശിച്ചു പോകാനുള്ള സാധ്യത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ ആയത് ഒഴിവാക്കുന്നതിലേക്കായി എന്ത് നടപടിയാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സ്റ്റാര്‍ വീവേഴ്സിന് ലഭിക്കാനുള്ള കുടിശ്ശിക</u>

2258 ശ്രീ. എ.കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിലെ ''സ്റ്റാര്‍ വീവേഴ്സ് ഇന്‍ഡസ്ട്രിയല്‍ വര്‍ക് ഷോപ്പില്‍'' നിന്ന് തുണിത്തരങ്ങള്‍ വാങ്ങിയ വകയില്‍ ഹാന്റ്ക്സ് എത്ര രൂപ നല്‍കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റാര്‍ വീവേഴ്സിന് റിബേറ്റ് ഇനത്തില്‍ ഗവണ്‍മെന്റില്‍ നിന്ന് തുക നല്‍കാനുണ്ടോ; ഉണ്ടെങ്കില്‍ എപ്പോള്‍ നല്‍കുമെന്ന് വെളിപ്പെടുത്താമോ;

(സി) നൂറോളം ജീവനക്കാര്‍ ജോലി ചെയ്യുന്ന പ്രസ്തുത സ്ഥാപനത്തിന്റെ വീഴാറായ കെട്ടിടം പുതുക്കിപണിയാനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം</u>

2259 ശ്രീ. എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബലറാം
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ;

(ബി) ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരുടെ നേതൃത്വത്തിലാണ് ഇതിനുളള പദ്ധതികൾ നടപ്പാക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>സ്മാർട്ട്സിറ്റിയുടെ മാസ്റ്റർ പ്ലാൻ</u>

2260 ശ്രീ. എം. എ. ബേബി
,, എസ്. ശർമ്മ
,, കെ. രാധാകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏത് സ്ഥാപനത്തിനെയാണ് ഏർപ്പെടുത്തിയിരുന്നതെന്നും മാസ്റ്റർ പ്ലാൻ എന്ന് പൂർത്തിയാകുമെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നിർദ്ദേശങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള മാസ്റ്റർപ്ലാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(സി) മാസ്റ്റർപ്ലാൻ മാറ്റം വരുത്തുന്നതു സംബന്ധിച്ച് ഡയറക്ടർ ബോർഡിൽ എന്തെല്ലാം ചർച്ചകൾ നടത്തിയെന്ന് വിശദമാക്കാമോ ;

(ഡി) പദ്ധതിപ്രദേശത്തിന്റെ 70 ശതമാനം ഗ്രീൻ ഏര്യായായി വിടണമെന്ന നിർദ്ദേശം ഡയറക്ടർ ബോർഡിൽ വന്നിരുന്നോ ; എങ്കിൽ ഇത്തരത്തിൽ തീരുമാനം എടുക്കാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം ഗ്രീൻ ഏര്യായായി മാറ്റിയിരിക്കുന്ന സ്ഥലം പിന്നീട് ഐ.ടി. വികസനത്തിനല്ലാത്ത പ്രവർത്തനങ്ങൾക്കായി ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതായി കരുതുന്നുണ്ടോ ;

(എഫ്) ഇടമലയാറിന്റെ തീരത്തു കൂടി റിവർപാർക്ക് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>സർക്കാർ വകുപ്പുകളിൽ ഇ-ടെണ്ടറിംഗ് സംവിധാനം</u>

2261 ശ്രീ. വി. പി. സജീന്ദ്രൻ
,, വർക്കല കഹാർ
,, കെ. ശിവദാസൻ നായർ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ഇ-ടെണ്ടറിംഗ് സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) സർക്കാർ വകുപ്പുകളിലെ ദർഘാസ് പ്രക്രിയകളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഈ സംവിധാനം വഴി ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ഓരോ ജില്ലയിലും ഐ.റ്റി പാർക്ക്</u>

2262 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലും ഐ.റ്റി. പാർക്ക് സ്ഥാപിക്കുക എന്ന മുൻസർക്കാരിന്റെ നയമനുസരിച്ച് ഏതൊക്കെ ജില്ലകളിൽ ഐ.റ്റി പാർക്കുകൾ ആരംഭിക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടുണ്ട്; ഇവയുടെ ഓരോന്നിന്റെയും പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത്തരം ഐ.റ്റി പാർക്കുകൾ അനുവദിക്കുന്നതു സംബന്ധിച്ച് ഇപ്പോഴത്തെ സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

തിരുവനന്തപുരം ടെക്നോപാർക്കിലെ കമ്പനികൾ

2263 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്കിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന കമ്പനികളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കമ്പനികളിൽ സർക്കാർ ഉടമസ്ഥതയിൽ ഉള്ളതായ എത്ര സ്ഥാപനങ്ങൾ ഉണ്ടെന്നുള്ള വിവരം അറിയിക്കുമോ;

(സി) സർക്കാർ ഉടമസ്ഥതയിൽ കമ്പനികൾ കൂടുതലായി ആരംഭിക്കുന്നതിന് നിലവിൽ ആലോചനയുണ്ടോ;

(ഡി) ഇല്ലായെങ്കിൽ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ ടെക്നോപാർക്കിൽ ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

ഐ.ടി സ്ഥാപനങ്ങളുടെ അടിസ്ഥാന വികസനത്തിനുള്ള ഫണ്ട്

2264 ശ്രീ. ബി. സത്യൻ
'' എ. പ്രദീപ്കുമാർ
'' ആർ. രാജേഷ്
ഡോ.കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ടെക്നോസിറ്റിയുടെയും കൊച്ചിയിലെ ഇൻഫോപാർക്കിന്റേയും, കോഴിക്കോട് സൈബർ പാർക്കിന്റേയും അടിസ്ഥാന വികസനത്തിനായി ഐ.ടി വകുപ്പ് എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നത്;

(ബി) ആവശ്യമായ ഫണ്ട് ലഭ്യമാക്കാതിരുന്നാൽ ഇതിനായി മുന്നോട്ട് വന്നിട്ടുള്ള പല കമ്പനികളും പദ്ധതിയിൽ നിന്നും പിൻമാറുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ; പദ്ധതി നടപ്പാക്കുന്നതിനായി മുന്നോട്ടു വന്നിട്ടുള്ള കമ്പനികൾ ഏതൊക്കെയാണ്;

(സി) ഇൻഫോപാർക്കിന്റെ ഒന്നാംഘട്ട അടിസ്ഥാന വികസന സൗകര്യം പൂർത്തിയാക്കുന്നതിനും 2-ാംഘട്ട വികസനത്തിനുമായി എത്ര തുകയാണ് കണക്കാക്കിയിരുന്നത്; ഇതിനാവശ്യമായ തുക ഈ വർഷം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കൊച്ചിയിൽ നിന്ന് ഇൻഫോപാർക്കിലേക്ക് പുതിയ റോഡ് നിർമ്മാണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇതിനാവശ്യമായ ഫണ്ട് ഈ വർഷത്തെ ബജറ്റിൽ അനുവദിച്ചിട്ടുണ്ടോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>സംസ്ഥാനത്തെ ഐ.ടി. വികസന വ്യാപനം</u>

2265 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. വികസനം ചില പ്രധാന പട്ടണങ്ങളെ മാത്രം കേന്ദ്രീകരിച്ച് പരിമിതപ്പെട്ടുപോകുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള പരിപാടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) എല്ലാ ജില്ലകളിലും ടെക്നോപാർക്കിന്റെ ഹബ്ബുകൾ സ്ഥാപിച്ച് ഐ.ടി. വികസനം സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി ആവിഷ്കരിക്കാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**18.06.2013-ലെ മറുപടിക്ക്**

<u>ഇ-ഗവേണൻസ് സൊസൈറ്റിയെ 'അക്ഷയ'യിൽ ലയിപ്പിക്കുന്നതിന് നടപടി</u>

2266 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാതല ഇ-ഗവേണൻസ് സൊസൈറ്റികളുടെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ;

(ബി) പ്രസ്തുത സൊസൈറ്റി വഴിയുള്ള സേവനങ്ങൾ അക്ഷയ ആഫീസുകൾ മുഖാന്തിരം നടത്തിവരുന്നതാണോ എന്ന് വിശദമാക്കുമോ;

(സി) അക്ഷയ വഴി പ്രസ്തുത സേവനങ്ങൾ ലഭ്യമാകുമെങ്കിൽ പ്രസ്തുത സൊസൈറ്റികൾ രൂപീകരിച്ച് പുതിയ നിയമനങ്ങൾ നടത്തുന്നത് അധികബാധ്യതയുണ്ടാക്കുമോ;

(ഡി) സൊസൈറ്റിയിൽ പുതിയ നിയമനങ്ങൾ നടത്തുന്നത് അക്ഷയയിൽ വർഷങ്ങളായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമോ; അവരുടെ ജോലി സംരക്ഷണത്തിന് എന്ത് നടപടികൾ സ്വീകരിക്കും;

(ഇ) ഇ-ഗവേണൻസ് സൊസൈറ്റിയെ അക്ഷയയിൽ ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങൾ തുടങ്ങുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ</u>

2267 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പല സർട്ടിഫിക്കറ്റുകളും അക്ഷയകേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സാഹചര്യത്തിൽ പുതിയ അക്ഷയകേന്ദ്രങ്ങൾ തുടങ്ങുന്നതിന് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇപ്പോൾ ഓരോ പഞ്ചായത്തിലും എത്ര വീതം അക്ഷയ കേന്ദ്രങ്ങൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അക്ഷയകേന്ദ്രങ്ങളിലെ സേവനങ്ങൾക്ക് ഏകീകൃത ഫീസ് നിരക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) അക്ഷയകേന്ദ്രം നടത്തിപ്പിന് ജില്ലാതല കോ-ഓർഡിനേഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഘടന വിശദമാക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>ആധാർ കാർഡുകളുടെ രജിസ്ട്രേഷൻ</u>

T-2268

ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധാർ കാർഡുകൾ ലഭിക്കുന്നതിനു വേണ്ടിയുള്ള രജിസ്ട്രേഷൻ നടപടികൾ നടക്കുന്നുണ്ടോ; എങ്കിൽ എത്രപേരാണ് ഇതുവരെ രജിസട്രേഷൻ നടത്തിയിട്ടുള്ളതെന്നും അതിൽ എത്ര പേർക്കാണ് ഇതുവരെ കാർഡ് ലഭ്യമായിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ആധാറിനുപുറമേ എൻ. പി. ആർ. രജിസ്ട്രേഷൻ സംസ്ഥാനത്തു നടക്കുന്നുണ്ടോ; എങ്കിൽ എത്ര പേർ എൻ. പി. ആർ-ൽ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേർക്ക് കാർഡ് ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ആധാർ, എൻ. പി. ആർ. രജിസ്ട്രേഷൻ മുഖേന ഒരുതരത്തിലുള്ള കാർഡാണോ അതോ പ്രത്യേകം കാർഡുകൾ ആണോ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ രണ്ടും ഒന്നാണെങ്കിൽ ജനങ്ങളെ ആകെ ബുദ്ധിമുട്ടിലാക്കുന്ന രജിസ്ട്രേഷൻ നടത്തേണ്ട ആവശ്യമുണ്ടോ എന്ന് വിശദീകരിക്കുമോ?

## കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

<u>ആധാർ കാർഡുകളുടെ വിതരണത്തിലെ തടസ്സം</u>

T-2269 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡുകളുടെ വിതരണം ഡെലിവറി സംവിധാനത്തിലെ തകരാറുകാരണം തടസ്സപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വിവിധതരം സർക്കാർ ആനുകൂല്യങ്ങൾ ആധാർ കാർഡിന്റെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത് എന്നതുകൊണ്ട്, അവയുടെ വിതരണത്തിലെ തടസ്സം നീക്കം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.06.2013-ലെ മറുപടിക്ക്

വയനാട് ജില്ലയിൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി

2270 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിലൂടെ ഏതെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.06.2013-ലെ മറുപടിക്ക്

<u>ഐ. സി. - എഫ്. ഒ. എസ്. എസ്. -ന്റെ സേവനങ്ങൾ</u>

T-2271 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ. സി. - എഫ്. ഒ. എസ്. എസ്.-ന്റെ സേവനങ്ങൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്ഥാപനം രൂപീകരിച്ച പുതിയ സോഫ്റ്റ്‌വെയറുകൾ ഏതെല്ലാമാണ്; ഇവ ഏതെല്ലാം സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ പാറ്റേണും നിയമനവിവരവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ; വിശദവിവരം നൽകുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 09.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]